പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7364

14/07/2014-ൽ മറുപടിക്ക്

## ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. എം.പി. വിൻസെന്റ് :<br>ശ്രീ. വി.റ്റി. ബൽറാം : | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ക്ലീൻ കേരള കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ് ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ ശുചിത്വ പരിപാലന മേഖലയിൽ പൊതുജന പങ്കാളിത്തത്തോടുകൂടി ശുചീകരണ പദ്ധതികൾ നടപ്പിലാക്കി പൊതുജനാരോഗ്യ മേഖലയിൽ സമൂലമായ പുരോഗതി കൈവരിക്കുകയാണ് ക്ലീൻ കേരള കമ്പനിയുടെ ലക്ഷ്യം. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംസ്ഥാനത്തെ നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി പരിസ്ഥിതിയ്ക്ക് കോട്ടം വരാത്ത രീതിയിലുള്ള പദ്ധതി തയ്യാറാക്കുകയും കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ, മാലിന്യങ്ങളിൽ നിന്നും പ്രകൃതി വാതക ഉല്പാദനവും ബോട്ട്ലിംഗും, ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം എന്നിവയ്ക്കായി പ്ലാന്റുകൾ സ്ഥാപിക്കുന്നതും ശുചിത്വാരോഗ്യ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതും കമ്പനിയുടെ പ്രവർത്തനങ്ങളിൽപ്പെടുന്നു. |
| (ബി) സംസ്ഥാനത്തെ നഗരങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനാണ് കമ്പനി ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദമാക്കുമോ; | (ബി) & (സി) | മാലിന്യ സംസ്കരണം മുഖ്യ പ്രശ്നമായിട്ടുള്ള നാല് മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനാണ് ക്ലീൻകേരള കമ്പനി പ്രധാനമായും ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും കൂടി സഹായകരമായ രീതിയിൽ മാലിന്യ സംസ്കരണം നടത്തുക എന്നതാണ് കമ്പനിയുടെ ലക്ഷ്യം. അതിനായി കമ്പനി താഴെ പറയുന്ന നാല് മേഖലകളിൽ ഇ- ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | | 1. കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ<br>2. മാലിന്യങ്ങളിൽ നിന്നും പ്രകൃതി വാതക ഉല്പാദനവും ബോട്ട്ലിംഗും<br>3. ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണം<br>4. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംസ്കരണം |

സെക്ഷൻ ഓഫീസർ